# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/11/ 2019

## സിഐറ്റിയു ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് പ്രകടനം – നഗരത്തിൽ ഗതാഗതക്രമീകരണം

സിഐറ്റിയു ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് 12.11.2019 ന് വൈകിട്ട് 4 മണിക്ക് ആശ്രാമം മൈതാനം മുതൽ സി കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ വരെ നടക്കുന്ന പ്രകടനത്തോടനുബന്ധിച്ച് നഗരത്തിൽ വൈകുന്നേരം 4 മണി മുതൽ പോലീസ് ഗതാഗതക്രമീകരണം ഏർപ്പെടുത്തി. തിരുവനന്തപുരത്ത് നിന്നും ടൗൺ വഴി ആലപ്പുഴ ഭാഗത്തേക്ക് പോകേണ്ട വാഹനങ്ങൾ ആർഒബി – കൊച്ചുപിലാമ്മൂട് -ബീച്ച് വഴിയും ആലപ്പുഴയിൽ നിന്നും ടൗൺ വഴി തിരുവനന്തപുരം ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾ താലൂക്ക് – ലിങ്ക് റോഡ് -ആശ്രാമം – കടപ്പാക്കട – കപ്പലണ്ടിമുക്ക് വഴിയും കുണ്ടറ ഭാഗത്ത് നിന്നും എത്തുന്ന വാഹനങ്ങൾ ആശ്രാമം – ലിങ്ക്റോഡ് താലൂക്ക് കച്ചേരി വഴിയും പോകേണ്ടതാണ്.

**<u>പാർക്കിംഗ്</u>**

കൊട്ടാരക്കര, പുനലൂർ, കുണ്ടറ ഭാഗങ്ങളിൽ നിന്നും പ്രവർത്തകരുമായി എത്തുന്ന വാഹനങ്ങൾ പീരങ്കി മൈതാനം, ക്യുഎസി ഗ്രൗണ്ട്, കർബല- കോളേജ് ജംഗ്ഷൻ റോഡ് എന്നിവിടങ്ങളിലും കരുനാഗപ്പള്ളി, ചവറ, ഭാഗത്തുനിന്നും പ്രവർത്തകരുമായി എത്തുന്ന വാഹനങ്ങൾ കൊല്ലം ബീച്ച്, പോർട്ട് – തീരദേശറോഡിലും പാർക്ക് ചെയ്യേണ്ടതാണ്.